വരൾച്ച നേരിടുവാൻ പദ്ധതി

80(2877) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലപ്പുറം ജില്ലയിൽ വരൾച്ച നേരിടുന്നതിനായി ഓരോ വർഷവും എന്ത് തുക വീതം അനുവദിച്ചിട്ടുണ്ട്;

(ബി) ഓരോ വർഷവും പ്രസ്തുത തുക ഏതെല്ലാം പദ്ധതികൾക്കായി വിനിയോഗിച്ചു;

(സി) അനുവദിച്ച തുക മുഴുവനും യഥാസമയം ചെലവഴിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 1996-97-ൽ 60.00 ലക്ഷം രൂപയും 1997-98-ൽ 20.00 ലക്ഷം രൂപയും 1998-99-ൽ 25.00 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) 1996-97-ൽ

ഗ്രാമപഞ്ചായത്തുകൾ വഴിയും വികസന ബ്ലോക്കുകൾ വഴിയും പൊതുകിണറുകൾ, കുളങ്ങൾ, ട്യൂബ് വെൽസ് മുതലായവ നന്നാക്കുന്നതിനും, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് വഴി പുതിയ കുഴൽകിണറുകൾ നിർമ്മിക്കുന്നതിനും, കേരള വാട്ടർ അതോറിറ്റി മുഖേന പൈപ്പ്ലൈൻ നീട്ടി ജലവിതരണം നടത്തുന്നതിനും വോൾട്ടേജ് സ്റ്റെബിലൈസർ വാങ്ങി സ്ഥാപിക്കുന്നതിനും.

1997-98-ൽ

വരൾച്ചാ ദുരിതാശ്വാസ പദ്ധതികൾ സ്വന്തംനിലയിൽ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ഓരോ പഞ്ചായത്തിനും 30,000/- രൂപ വീതവും ഓരോ മുനിസിപ്പാലിറ്റിക്കും 50,000 രൂപ വീതവും ജില്ലാ കളക്ടർ നൽകിയതിനു പുറമെ, പെരിന്തൽമണ്ണയിൽ ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണത്തിനും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റുവഴി പുതിയ ബോർവെൽ നിർമ്മാണത്തിനും,

1998-99-ൽ

ഗ്രാമപഞ്ചായത്തുകൾ വഴി നിലവിലുള്ള പൊതുകിണറുകൾ, കുളങ്ങൾ, കുഴൽകിണറുകൾ എന്നിവ നന്നാക്കുവാൻ 6,92,296/- രൂപ ജില്ലാകളക്ടർ നൽകിയതിനുപുറമെ കേരള വാട്ടർ അതോറിറ്റിവഴി പൈപ്പ്ലൈൻ നീട്ടുവാനും, വോൾട്ടേജ് സ്റ്റെബിലൈസർ വാങ്ങുവാനും, ഗ്രൗണ്ട് വാട്ടർ വകുപ്പു വഴി പുതിയ കുഴൽക്കിണറുകൾ നിർമ്മിക്കുവാനും, സി.ബി.എൻ.പി. പദ്ധതി പ്രകാരം പുതിയ പൊതുകിണറുകൾ കുഴിക്കുവാനും പെരിന്തൽമണ്ണയിൽ ടാങ്കർലോറിയിൽ കുടിവെള്ളവിതരണത്തിനായും വേണ്ടിവന്ന ചെലവ് മേൽപ്പറഞ്ഞ തുകയിൽ നിന്നും വഹിച്ചു.

(സി)&(ഡി) വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ഉത്തരം (ബി)യിൽ പറയും പ്രകാരമുള്ള അത്യാവശ്യ പണികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ അനുവദിച്ചു നൽകിയ തുക മുഴുവനും വേണ്ടിവന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly